# പതിമൂന്നാം കേരള നിയമസഭ

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1014 — 13/06/2013 ൽ മറുപടിക്ക്

## ഹൈസ്കൂളുകളായി ഉയർത്തിയ ആർ.എം.എസ്.എ. സ്കൂളുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ഹൈസ്കൂളുകളായി ഉയർത്തിയ എത്ര ആർ.എം.എസ്.എ. സ്കൂളുകളാണ് നിലവിലുള്ളത്; | എ) | സംസ്ഥാനത്ത് ആർ.എം.എസ്.എ പദ്ധതിപ്രകാരം 2010-2011 ൽ 60 യു.പി.സ്കൂളുകളും 2012-13 അദ്ധ്യയന വർഷം 36 യു.പി.സ്കൂളുകളും ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. |
| ബി) പ്രസ്തുത സ്കൂളുകളിൽ ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | ബി) | ആർ.എം.എസ്.എ പദ്ധതിപ്രകാരം 2010-2011 ൽ ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്ത 60 യു.പി.സ്കൂളുകളിലേയ്ക്ക് ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.2012-13 അദ്ധ്യയന വർഷം ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്ത 36 യു.പി.സ്കൂളുകളിലേയ്ക്ക് ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) പ്രസ്തുത സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തിന് മതിയായ കെട്ടിടങ്ങളും, ആവശ്യത്തിന് ജീവനക്കാരെയും അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ; | സി) | സ്കൂൾ പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടങ്ങളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനായി എം.എച്ച്.ആർ.ഡി യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| ഡി) പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കുമോ? | ഡി) | പഞ്ചായത്ത് രാജ് നിയമപ്രകാരം എല്ലാ ഗവൺമെന്റ് ഹൈസ്കൂളുകളും ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽ വരുന്നതിനാൽ ആർ.എം.എസ്.എ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കും ജില്ലാ പഞ്ചായത്തിൽ നിന്നുള്ള എല്ലാ ആനുകൂല്യങ്ങൾക്കുമുള്ള അർഹതയുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**